ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു†

(സി) & (ഡി) ആലപ്പുഴ മെഡിക്കൽ കോളേജ് ടൗൺ ആശുപത്രിയിൽനിന്നും തൊക്ക് രോഗചികിത്സ, മാനസിക രോഗചികിത്സ, ക്യാൻസർ ചികിത്സാവിഭാഗം, ഫിസിക്കൽ മെഡിസിൻ വിഭാഗം, എന്നിവകൂടാതെ ഇപ്പോൾ കുട്ടികളുടെ വിഭാഗവും വണ്ടാനത്തേക്ക് മാറ്റിയിട്ടുണ്ട്. കുട്ടികളുടെ ശസ്ത്രക്രിയാവിഭാഗവും, ഗൈനക്കോളജി വിഭാഗവും എത്രയും പെട്ടെന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പുതുതായി 97 തസ്തികകൾ അനുവദിച്ചുകഴിഞ്ഞു.

(എഫ്) തൃശ്ശൂർ മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏകദേശം പൂർത്തിയാക്കികഴിഞ്ഞു. ഇതിനാവശ്യമായ 92 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെ ഓഡിറ്റിംഗ്

233 [3206] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
„ *ടി. കെ. ദേവകുമാർ:*
„ *എ. കെ. ബാലൻ:*
„ *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ യാതൊരു വ്യവസ്ഥയുമില്ലാതെ ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവയുടെ കണക്കുകൾ ഓഡിറ്റിന് വിധേയമാണോ;

(സി) കോടിക്കണക്കിന് രൂപയുടെ വിനിയോഗം നടത്തുന്ന പ്രസ്തുത എച്ച്. ഡി. സി.-കളെ നിയമപരമായി ഓഡിറ്റിംഗിന് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) എച്ച്. ഡി. സി. കളുടെ വരവു ചെലവു ഓഡിറ്റ് ചെയ്യുന്ന ചുമതല അക്കൗണ്ടന്റ് ജനറലിനേയോ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനേയോ ഏൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫണ്ട് വിനിയോഗത്തെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് വിരുദ്ധമായി ചില ആശുപത്രികളിൽ ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയും അവർക്കെതിരെ തക്കതായ ശിക്ഷണ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) — (ഡി) ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികളുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല 3-12-2004-ലെ ജി.ഒ. (ആർടി.) 3379/2004/ ആകുവ. പ്രകാരം ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ട്. അതുവരെ അക്കൗണ്ടന്റ് ജനറലാണ് ഓഡിറ്റ് നടത്തിവന്നിരുന്നത്.

കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന് പേവാർഡുകൾ

234 [3208] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലസ്ഥാനങ്ങളിലല്ലാത്ത എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഇപ്പോൾ കെ. എച്ച്. ആർ. ഡബ്ല്യു. എസ്.-ന് പേവാർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) അതിന്റെ ലിസ്റ്റ് മേശപ്പുറത്ത് വെയ്ക്കാമോ;

(സി) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രവർത്തിച്ചിരുന്ന കെ. എച്ച്. ആർ. ഡബ്ല്യു. എസ്. പേവാർഡിൽ എത്ര സ്റ്റാഫുണ്ട്; പേവാർഡുകളുടെ സംരക്ഷണപ്രവർത്തനം (പെയ്ന്റിംഗ് അടക്കം) നടത്തിയത് ഏത് വർഷത്തിലാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) ആറ്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) രണ്ട് സ്റ്റാഫ് നേഴ്സ്മാരും ഒരു ക്ലീനറും അവിടെ ജോലിക്കാരായിട്ടുണ്ട്. 8/2000 ത്തിൽ പേവാർഡിന്റെ പുനരുദ്ധാരണപണികൾ ചെയ്തിട്ടുണ്ട്.

† അനുബന്ധം XIII കാണുക.

LIBRARY ARCHIVES Kerala Legislative Assembly